**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*235.** 12.02.2019 **ൽ മറുപടിയ്ക്ക്**

**ലഹരി വർജ്ജന ബോധവൽക്കരണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ<br>ശ്രീ.സണ്ണി ജോസഫ്.<br>ശ്രീ.അൻവർ സാദത്ത് | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ലഹരിമുക്ത കേരളം സൃഷ്ടിക്കുകയെന്ന ലക്ഷ്യം പ്രാവർത്തികമാക്കുന്നതിന് സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; | (എ) | ലഹരി വർജ്ജനത്തെ പ്രോത്സാഹിപ്പിക്കുന്നതിനുതകുന്ന മദ്യ നയമാണ് സർക്കാർ നടപ്പിലാക്കി വരുന്നത്. ആയതിനുതകുന്ന ശക്തമായ ബോധവത്കരണ പ്രവർത്തനങ്ങൾ വിമുക്തി മിഷന്റെ നേതൃത്വത്തിൽ എല്ലാ മേഖലകളിലും നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ ലഹരിക്ക് അടിമപ്പെട്ടവരെ അതിൽനിന്നും മോചിപ്പിക്കുന്നതിനായി സംസ്ഥാനത്തെ 14 ജില്ലകളിലും സർക്കാർ ആശുപത്രികളോടനുബ ന്ധിച്ച് വിമുക്തി ഡീ-അഡിക്ഷൻ സെന്ററുകൾ തുടങ്ങി കൗൺസിലിംഗും ചികിത്സയും നൽകി വരുന്നുണ്ട്. |
| (ബി) | പ്രസ്തുത പ്രവർത്തനങ്ങൾ മൂലം എന്തൊക്കെ മാറ്റങ്ങളാണ് സമൂഹത്തിൽ സൃഷ്ടിക്കുവാൻ സാധിച്ചത്; | (ബി) | ബോധവത്കരണ പ്രവർത്തനങ്ങളിലൂടെ ലഹരിവർജ്ജന മനോഭാവം എല്ലാ വിഭാഗം ജനങ്ങളിലും ഉണ്ടാക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.ലഭ്യമായ കണക്കുകൾ പ്രകാരം സംസ്ഥാനത്തെ മദ്യ ഉപഭോഗത്തിൽ കുറവ് വരുത്തുന്നതിന് സാധിച്ചിട്ടുണ്ട്. ലഹരി ഉപയോഗത്തിൽ നിന്നും വിദ്യാർത്ഥികളെയും യുവജനങ്ങളെയും പിൻതിരിപ്പിക്കുന്നതിന് വളരെ ഫലപ്രദമായ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | ലഹരിക്കെതിരെ കായിക ലഹരി എന്ന സന്ദേശം ഉയർത്തിപ്പിടിച്ചു കൊണ്ട് കുട്ടികളെയും യുവാക്കളെയും കായികരംഗത്തേക്ക് കൊണ്ടുവരുന്നതിന് നടത്തുന്ന പദ്ധതികൾ എന്തൊക്കെയാണ്; അതിലെ പങ്കാളിത്തം ആശാവഹമാണോ; | (സി) | ലഹരിക്കെതിരെ 'കായിക ലഹരി' എന്ന ആശയവുമായി എല്ലാ ജില്ലകളിലും സ്പോർട്ട്സ് കൗൺസിലുകളുമായി ചേർന്നുകൊണ്ട് കബഡി, വോളീബോൾ, ഫുട്ബോൾ മത്സരങ്ങൾ നടത്തിയിട്ടുണ്ട്. 2019 ജനുവരി 12-ന് എറണാകുളത്ത് വച്ച് ഹാഫ് മാരത്തോൺ, ഫൺ റൺ എന്നിവ വൻ ജനപങ്കാളിത്തത്തോടെ നടത്തുവാനും സാധിച്ചിട്ടുണ്ട്. |
| (ഡി) | കോഴിക്കോട് ജില്ലയിൽ നിംഹാൻസ് മാതൃകയിൽ അന്താരാഷ്ട്ര നിലവാരമുള്ള ഡി-അഡിക്ഷൻ സെന്റർ ആരംഭിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (ഡി) | ബാംഗ്ലൂർ നിംഹാൻസ് മാതൃകയിൽ അന്താരാഷ്ട്ര നിലവാരമുള്ള ഡി-അഡിക്ഷൻ സെന്റർ തുടങ്ങുന്നതിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിൽ ഭൂമി ലഭ്യമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. തുടർ നടപടികളുടെ ഭാഗമായി പദ്ധതി നിർവ്വഹണം, പരിശീലനം, മേൽനോട്ടം, ഗവേഷണം ഉൾപ്പെടെയുള്ള ഒരു പഠന റിപ്പോർട്ട് (DPR ) തയ്യാറാക്കുവാൻ ബാംഗ്ലൂർ നിംഹാൻസിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ഇ) | വിമുക്തി മിഷൻ നടത്തി വരുന്ന ലഹരി വർജ്ജന ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ സമൂഹത്തിൽ എന്തൊക്കെ മാറ്റങ്ങളാണ് ഉണ്ടാക്കുവാൻ സാധിച്ചതെന്ന് അറിയിക്കുമോ? | (ഇ) | വിമുക്തി മിഷൻ നടത്തിവരുന്ന ലഹരി വർജ്ജന ബോധവത്കരണ പ്രവർത്തനങ്ങൾ വിവിധ വിഭാഗം ജനങ്ങൾക്കിടയിൽ ഗുണപരമായ പ്രതിഫലനം സൃഷ്ടിച്ചിട്ടുണ്ട്.ലഹരി ഉപഭോഗത്തിന്റെ വിപത്ത് ബോധ്യപ്പെടുത്തുവാനും അതിലൂടെ ലഹരിവർജ്ജനം സാധ്യമാക്കുവാനും കഴിയുന്നുണ്ട്. സ്കൂൾ കോളേജ് തലങ്ങളിലുള്ള ലഹരി വിരുദ്ധ ക്ലബ്ബുകൾ മുഖേനയുള്ള ബോധവത്കരണ പ്രവർത്തനങ്ങളിലൂടെ വിദ്യാർത്ഥികൾക്കിടയിലുള്ള ലഹരി ഉപയോഗം തടയുവാനും, സ്കൂൾ പരിസരങ്ങൾ ലഹരി മുക്തമാക്കുവാനും കഴിഞ്ഞിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**